# കേരള സർവകലാശാല

നം. പി.ആർ.043/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് (റഗുലർ – 2013 സ്കീം പ്രകാരം സെക്ഷണൽ ഇംപ്രൂവ്മെന്റ് ചെയ്ത വിദ്യാർത്ഥികൾ) പരീക്ഷയ്ക്ക് (നിർദ്ദിഷ്ട തിയറി പേപ്പറുകൾക്ക്) പിഴകൂടാതെ ഏപ്രിൽ നാല് (50 രൂപ പിഴയോടെ ഏപ്രിൽ ആറ്, 250 രൂപ പിഴയോടെ ഏപ്രിൽ എട്ട്) വരെ അപേക്ഷിക്കാം. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) എക്സാം പോർട്ടലിൽ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

### ബി.കോം പ്രോജക്ട്/വൈവ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആൻഡ് ടാക്സ് പ്രൊസീജിയർ & പ്രാക്ടീസ് (337 – 2 (എ)), കൊമേഴ്സ് ആൻഡ് ടൂറിസം & ട്രാവൽ മാനേജ്മെന്റ് (338 – 2 (എ)) എന്നിവയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവയും ഏപ്രിൽ 21, 22 തീയതികളിൽ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്സി/എം.കോം/എം.എസ്.ഡബ്ലിയു (2013–ന് മുമ്പുള്ള അഡ്മിഷൻ), രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു/ എം.പി.എ/ എം.ടി.എ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 15 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### എം.എഡ് (നോൺ സി.എസ്.എസ്) ഫലം: ഒന്നാം റാങ്ക് പ്രവീണയ്ക്ക്

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ പ്രവീണ എസ് (രജി.നം. 8106) ഒന്നാം റാങ്ക് നേടി.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
31.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098